LIBRARY ARCHIVES Kerala Legislative Assembly

വസ്തു പോക്കുവരവ്-നടപടിക്രമം

142(3064) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വസ്തു പോക്കുവരവ് ചെയ്യുന്നതിനായി വസ്തുവിന്റെ വിസ്തീർണ്ണം കണക്കാക്കുന്നത് വില്ലേജ് ഓഫീസ് രേഖകളിലുള്ള വിസ്തീർണ്ണം, കൈവശ ഭൂമിയുടെ വിസ്തീർണ്ണം എന്നിവയുടെ അടിസ്ഥാനത്തിലാണോ ; വിശദമാക്കുമോ ;

(ബി) റീ-സർവ്വെ പൂർത്തിയായി നിരാക്ഷേപം കരമടച്ചുവരുന്ന വസ്തു പോക്കുവരവ് ചെയ്യുന്നതിന് വീണ്ടും റീ-സർവ്വേ നടത്തേണ്ടതുണ്ടോ ; വിശദമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സാഹചര്യത്തിലാണ് റീ-സർവ്വെ നടത്തേണ്ടത്. വിശദമാക്കുമോ ;

(ഡി) റീ-സർവ്വെ നടത്തി അപ്രകാരം വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച സംഗതികളിൽ വസ്തുവിന്റെ ക്രയവിക്രയം റീ-സർവ്വെ പ്രകാരമുള്ള വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ആധാരത്തിലെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണോ ചെയ്യേണ്ടത് ; വിശദമാക്കുമോ ;

(ഇ) റീ-സർവ്വെ നടത്തി വസ്തുവിന്റെ വിസ്തീർണ്ണം നിശ്ചയിച്ച് നിരാക്ഷേപം കരമടച്ച് വരുന്ന സംഗതികളിൽ വസ്തുവിന്റെ ആധാര പ്രകാരമുള്ള വിസ്തീർണ്ണം റീ-സർവ്വെ പ്രകാരമുള്ളതിൽനിന്നും വ്യത്യസ്തമാണെങ്കിൽ ഏതാണ് കണക്കിലെടുക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) വസ്തു പോക്കുവരവ് നടത്തുന്നത് വില്ലേജ് രേഖകളുടെയും കൈവശരേഖകളുടെയും കൈവശ ഭൂമിയുടെയും ആധാരത്തിന്റെയും അടിസ്ഥാനത്തിലാണ്.

(ബി&സി) വസ്തു സംബന്ധിച്ച് തർക്കങ്ങളോ, കോടതി ഉത്തരവുകളോ ഉള്ളപക്ഷം വീണ്ടും സർവ്വെ ചെയ്യുന്നതാണ്.

(ഡി&ഇ) ആധാര വിസ്തീർണ്ണം റീ-സർവ്വെ വിസ്തീർണ്ണത്തിൽ അടങ്ങുന്നുവെങ്കിൽ റീ-സർവ്വെ പ്രകാരവും, റീ-സർവ്വെ വിസ്തീർണ്ണം ആധാരത്തിലും കൂടുതലെങ്കിൽ ആധാര വിസ്തീർണ്ണവും അടിസ്ഥാനപ്പെടുത്തി നടത്താമെങ്കിലും ഇക്കാര്യത്തിൽ വിസ്തീർണ്ണ വ്യത്യാസം നിയമപ്രകാരം പരിഹരിച്ച് ക്രയവിക്രയം നടത്താവുന്നതാണ്.

കൊടകര പഞ്ചായത്തിലെ പുലിപ്പാറക്കുന്ന് കോളനിയിലെ പട്ടയ വിതരണം

143(3065) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര പഞ്ചായത്തിലെ പുലിപ്പാറകുന്ന് കോളനിയിലെ ഇപ്പോഴത്തെ കൈവശക്കാരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്ലോട്ട് റീ അലോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊടകര പഞ്ചായത്തിലെ കൊടകര വില്ലേജ് സർവ്വെ 1586/2-ൽ ഉൾപ്പെടുന്ന 53 സെന്റ് ഭൂമി പട്ടികജാതി വികസന വകുപ്പ് 1991-92 കാലഘട്ടത്തിൽ ഏറ്റെടുത്ത് 10 പട്ടികജാതി കുടുംബങ്ങൾക്ക് 4 സെന്റ് വീതം വിതരണം ചെയ്തിരുന്നു. ഇതിൽ 5 ഗുണഭോക്താക്കൾ സ്ഥലം കൈപ്പറ്റിയിട്ടില്ലാത്തതാണ്. ഉപേക്ഷിക്കപ്പെട്ടുകിടന്നിരുന്ന ആ 5 പ്ലോട്ടുകൾ കയ്യേറി 18 വർഷമായി കൈവശംവച്ചുവരുന്ന കയ്യേറ്റക്കാർക്ക് റീ അലോട്ട്മെന്റ് അനുവദിക്കുന്നതിനായി ആദ്യത്തെ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക്മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly